II ഇ.ബി. XIV - കേരള നിയമസഭ/XV-9

## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 ജൂൺ 18, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

25(*241) റോഡുകളുടെ പുനരുദ്ധാരണത്തിൽ പൊടിച്ച പ്ലാസ്റ്റിക്കിന്റെ ഉപയോഗം

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, പ്ലാസ്റ്റിക് ഉപയോഗിച്ച് 288.11 കി.മീ. റോഡ് പുനരുദ്ധരിച്ചിട്ടുണ്ടെന്നും കഴിഞ്ഞ വർഷത്തെ സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ നിശ്ചിത ദൈർഘ്യം സ്ട്രെച്ചുകളുടെ ബി.സി. പ്രവൃത്തികൾ ഇത്തരത്തിൽ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഇതിനുള്ള മാർഗ്ഗരേഖ IRC SP:98-2013 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിരത്ത്

വിഭാഗത്തിന്റെ 50 ശതമാനവും ദേശീയപാതാ വിഭാഗത്തിന്റെ ബി.സി. പ്രവൃത്തിയിൽ 5% മുതൽ 10% വരെയും റോഡുകൾ പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും ഇത് പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ബാദ്ധ്യസ്ഥരാണെന്നും മന്ത്രി വ്യക്തമാക്കി. പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ച റോഡുകൾ കൂടുതൽ കാലം ഈടുനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ശാസ്ത്രീയപഠനങ്ങളുടെ അടിസ്ഥാനത്തിലാണ് വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് നിർമ്മാണം നടത്തുന്നതെന്നും ഇതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വിഭാഗം എഞ്ചിനീയർമാർക്ക് പരിശീലനം നൽകുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. മലയോര/തീരഹൈവേ നിർമ്മാണത്തിലും പ്ലാസ്റ്റിക് ഉപയോഗിക്കുന്നതാണ്. കയർ ഭൂവസ്ത്രം, സ്വാഭാവിക റബ്ബർ, വേസ്റ്റ് പ്ലാസ്റ്റിക്, കോൺക്രീറ്റ്, മോഡേൺ ടൈൽ എന്നിവ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം ഫലപ്രദമാണെന്നും കോൾഡ് ഇൻസൈൻ റീസൈക്ലിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ച പുറക്കാട്-പാതിരപ്പള്ളി റോഡ് വിജയകരമാണെന്നും ഇത് സാർവ്വത്രികമാക്കുന്നതിന് ശ്രമിക്കുമെന്നും അനുമതി ലഭിച്ചാൽ വനത്തിനുള്ളിൽ റോഡ് നിർമ്മാണം ആരംഭിക്കുമെന്നും

പാലാരിവട്ടം പാലം നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

26(*242) <u>സമ്പാദ്യ സമാശ്വാസ ധനസഹായ പദ്ധതി</u>

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) നൽകിയ മറുപടിയിൽ, മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം 4500/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത പദ്ധതിക്ക് 9304.25 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിക്കാനുണ്ട്. തീരദേശ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും ഇവർക്കും ലഭ്യമാക്കുന്നുണ്ടെന്നും സ്വാശ്രയ കോളേജുകളിൽ മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ നൽകുന്നുണ്ടെന്നും ടെക്നിക്കൽ ഫിഷറീസ് ഹൈസ്കൂളുകൾക്കുപുറമെ KUFOS (Kerala University of Fisheries and Ocean Studies)-ന്റെ തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 'വിദ്യാതീരം' പദ്ധതിപ്രകാരം

സമർത്ഥരായ കുട്ടികളെ കണ്ടെത്തി പ്രവേശന പരീക്ഷാ പരിശീലനം നൽകിയതിലൂടെ 71 പേർക്ക് വിവിധ തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്. തീരസംരക്ഷണത്തിനും മത്സ്യത്തൊഴിലാളി പുനരധിവാസത്തിനും മുന്തിയ പരിഗണന നൽകുന്നുണ്ടെന്നും 689 കോടി രൂപയുടെ പദ്ധതി മത്സ്യബന്ധനവും തുറമുഖവും ജലസേചനവും വകുപ്പുകളുമായി സംയോജിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്നും 300 കോടിയിലധികം രൂപ കിഫ്ബിയിലൂടെ അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. റവന്യൂ വകുപ്പിന്റെ സഹായത്തോടെ താൽക്കാലിക തീരദേശ സംരക്ഷണത്തിനായി 22.5 കോടി രൂപയുടെ പ്രത്യേക പദ്ധതിക്ക് അനുമതി ലഭ്യമായിട്ടുണ്ട്. NIOT (National Institute of Ocean Technology)-യുടെ സഹായത്തോടെ തിരുവനന്തപുരത്തെ പൂന്തുറ, വലിയതുറ, ശംഖുംമുഖം തീരപ്രദേശങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കി സമർപ്പിച്ച ഓഫ് ഷോർ ബ്രേക്ക് വാട്ടർ പ്രോജക്ടിന്റെ ഡി.പി.ആർ. കിഫ്ബി ഫൈനലൈസ് ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഓഖി ദുരന്തബാധിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ 40 വയസ്സിന് താഴെയുള്ള 42 സ്ത്രീകൾക്ക് മത്സ്യഫെഡിൽ നിയമനം നൽകിയിട്ടുണ്ടെന്നും ബാക്കിയുള്ളവർക്ക് വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് മെച്ചപ്പെട്ട ജോലി

ലഭ്യമാക്കുന്ന കാര്യം ആലോചിച്ചുവരികയാണെന്നും 309 കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് സർക്കാർ ഏറ്റെടുത്തതിന്റെ ഭാഗമായി 13.97 കോടി രൂപ ഫിക്സഡ് ഡെപ്പോസിറ്റ് നൽകിയതിനുപുറമെ വർഷംതോറും ഗ്രാന്റ് അനുവദിക്കുന്നുണ്ടെന്നും 200 പേർക്ക് കോസ്റ്റ് ഗാർഡിൽ നിയമനം നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

27(*243) <u>ഖാദർ കമ്മീഷൻ റിപ്പോർട്ട് വിദ്യാഭ്യാസമേഖലയിലുണ്ടാക്കുന്ന മാറ്റങ്ങൾ</u>

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, ഖാദർ കമ്മീഷൻ റിപ്പോർട്ട് പ്രാബല്യത്തിലാകുന്നതോടെ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മൂന്ന് ഡയറക്ടറേറ്റുകൾ ഏകോപിപ്പിച്ച് ഒറ്റ യൂണിറ്റായി പ്രവർത്തിപ്പിക്കാൻ കഴിയുമെന്നും ഇത് അക്കാദമിക മികവിന് ഗുണകരമാകുമെന്നും സഭയെ അറിയിച്ചു. ഭരണപരമായ പ്രവർത്തനങ്ങളെയാണ് ഏകീകരിക്കുന്നത്. ഹൈസ്കൂളും ഹയർ സെക്കന്ററിയും ചേർന്നുള്ള സ്കൂളുകളുടെ ചുമതല പ്രിൻസിപ്പലിനാണെന്നും ഹെഡ്മാസ്റ്റർ വൈസ് പ്രിൻസിപ്പലായി അറിയപ്പെടുമെന്നും ഹൈസ്കൂളുകളിൽ ഹെഡ്മാസ്റ്റർ പദവി തുടരുമെന്നും മന്ത്രി വ്യക്തമാക്കി. ഹയർ സെക്കന്ററിയിൽ അക്കാദമികവും ഭരണപരവുമായ ചുമതല

പ്രിൻസിപ്പലിനാണ്. ഹൈസ്കൂളും ഹയർ സെക്കന്ററിയും ചേർന്നുവരുന്ന കാമ്പസ്സിന്റെ ഭരണപരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനാണ് സ്കൂളിന്റെ മൊത്തം ചുമതല പ്രിൻസിപ്പലിന് നൽകുന്നതെന്നും ഒരു യൂണിറ്റ് എന്ന രീതിയിൽ പ്രവർത്തിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിന് സംസ്ഥാനതലത്തിൽ ഒരു ഡയറക്ടർ മാത്രമാകുന്നത് സഹായകമാകുമെന്നും മന്ത്രി വ്യക്തമാക്കി. ഉദ്ഗ്രഥിത പ്രവർത്തനം ഊർജ്ജിതമാകുമ്പോൾ കാമ്പസ്സിന്റെ അക്കാദമിക സാധ്യത വർദ്ധിക്കുന്നതാണ്. എല്ലാ പരീക്ഷകളും ഒരു കമ്മീഷണറുടെ നേതൃത്വത്തിലാകുമെന്നും ഭരണാവശ്യത്തിനായി ഒരു ഓഫീസ് സംവിധാനം മാത്രമാകുമെന്നും ഹയർ സെക്കന്ററി പ്രിൻസിപ്പലിനും അദ്ധ്യാപകർക്കും അക്കാദമിക രംഗത്ത് കൂടുതൽ സമയം ചെലവഴിക്കാൻ സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി. കാമ്പസ്സിനെ ഒരു കുടുംബമായി കാണുന്നതുവഴി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെയുണ്ടായ അക്കാദമിക മുന്നേറ്റത്തിന് പരസ്പര പൂരകമാകുന്നതാണ്. നിയമപരമായ പരിശോധനയ്ക്കുശേഷമാണ് ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ ഉത്തരവ് പുറപ്പെടുവിച്ചതെന്നും ഹയർ സെക്കന്ററി അദ്ധ്യാപകരുടെ യോഗ്യതയിൽ ഇളവ് വരുത്താൻ തീരുമാനിച്ചിട്ടില്ലെന്നും ഉപചോദ്യങ്ങൾക്ക്

മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2845 മുതൽ 3176 വരെയുള്ള ചോദ്യങ്ങളിൽ 62 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)